ഉത്തരം

എടക്കര പ്രദേശത്തേക്കുള്ള ലൈനിന്റെ പണി പൂർത്തിയായിക്കഴിഞ്ഞു. സർവീസ് കണക്ഷൻ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

വലിയതുരുത്തി പ്രദേശത്തേക്ക് വൈദ്യുത ലൈൻ നീട്ടാൻ നടപടി

196 [212] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എരഞ്ഞിക്കൽ സെക്ഷനിലുള്ള വലിയതുരുത്തിയിലേക്ക് വൈദ്യുത ലൈൻ നീട്ടുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രവൃത്തി എന്നു തുടങ്ങും;

(സി) ഈ ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തി തുടങ്ങാനുള്ള കാലതാമസം എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി, സി) കോഴിക്കോട് ജില്ലയിൽ വലിയതുരുത്തിയിലേക്കുള്ള ലൈൻ എക്സ്റ്റൻഷൻ ജോലി വെസ്റ്റ്ഹിൽ മേജർ സെക്ഷന്റെ അധികാരപരിധിയിലാണ്. ഇതു മുൻഗണനയനുസരിച്ച് ഒന്നാമത്തെ ജോലിയാണ്. സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ചു ജോലി ചെയ്തുതീർക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

അരിക്കുളം പഞ്ചായത്തിൽ മിനിമം ഗാരണ്ടിവെച്ചവർക്കു വൈദ്യുതി നൽകാനുള്ള നിർദ്ദേശം

197 [213] ശ്രീ. എ. കെ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അരിക്കുളം പഞ്ചായത്തിൽ ഒന്നും രണ്ടും വാർഡുകളിൽ മിനിമം ഗാരണ്ടി സമർപ്പിച്ച അപേക്ഷകർക്ക് എല്ലാവർക്കും വൈദ്യുതി നൽകുന്നതിനുള്ള നിർദ്ദേശം വിദ്യുച്ഛക്തി ബോർഡ് നൽകിയിരുന്നുവോ;

(ബി) എങ്കിൽ എന്നാണ് നിർദ്ദേശം നൽകിയത്;

(സി) വിദ്യുച്ഛക്തി കണക്ഷൻ നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ, ബി, സി) കോഴിക്കോട് ജില്ലയിലെ അരിക്കുളം പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകളിൽ മിനിമം ഗാരണ്ടി വെച്ച് കാഷ് ഡിപ്പോസിറ്റ് അടച്ച 45 പേർക്ക് ലൈൻ ചാർജ് ചെയ്ത 1985 മാർച്ച് 7-ാം തീയതി തന്നെ കണക്ഷൻ നൽകിയിട്ടുണ്ട്. മിനിമം ഗാരണ്ടി വെച്ചവരിൽ, 1985 മാർച്ച് 31 വരെ കാഷ് ഡിപ്പോസിറ്റ് അടച്ച വെതർ പ്രൂഫ് കാർക്കും കണക്ഷൻ നൽകിക്കഴിഞ്ഞു. എല്ലാ മിനിമം ഗാരണ്ടി ഉപഭോക്താക്കൾക്കും അവർ കണക്ഷനുവേണ്ടി 1984 ഡിസംബർ 31 നുശേഷം

LIBRARY ARCHIVES Kerala Legislative Assembly